# സഹപീഡിയ – യുനെസ്കോ ഫെല്ലോഷിപ്പ് – 2019

## അനുബന്ധം V

### <u>നിബന്ധനകളും ഉപാധികളും</u>

തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകര്, താഴെ പറയുന്ന നിബന്ധനകള്ക്ക് അനുസൃതമായി, 2019 ലെ സഹാപീഡിയ-യുനെസ്കോ ഫെല്ലോകള് ആയി അംഗീകരിക്കപ്പെടും:

1. 2019 സെപ്റ്റംബര് 1 മുതല് 2020 മാര്ച്ച് 15 വരെയുള്ള 28 ആഴ്ചകള്ക്കുള്ളില് ഫെല്ലോഷിപ്പ് പദ്ധതി പൂര്ണമാക്കിയിരിക്കണം.
2. സഹാപീഡിയയില് പ്രസിദ്ധീകരിക്കുന്ന മോഡ്യൂളുകള് സാധാരണയായി ഗ്രന്ഥസൂചിയോടു കൂടിയ ഒരു പൊതുഅവലോകന ലേഖനമോ സംഗ്രഹവും സബ് ടൈറ്റിലുകളും ഉള്ള ഒരു ഹ്രസ്വ ഡോക്യുമെന്ററിയോ ഉള്ളവയായിരിക്കും. അതോടൊപ്പം, അനുബന്ധ വിഷയങ്ങളില് ഗ്രന്ഥസൂചിയോടു കൂടിയ ലേഖനങ്ങളോ, വിദഗ്ദ്ധരുമായി നടത്തിയ അഭിമുഖ സംഭാഷണത്തിന്റെ ലിഖിത രൂപമോ, മറ്റു വീഡിയോകളോ, ഓഡിയോ ഭാഗങ്ങളോ, ചിത്രശേഖരങ്ങളോ, ചിത്രലേഖനങ്ങളോ കൂടി ഉണ്ടായിരിക്കും. ഓരോരുത്തരും തങ്ങളുടെ അപേക്ഷയില് സൂചിപ്പിച്ചിരിക്കുന്ന അതേ മാതൃകയില് ഫലങ്ങള് സമര്പ്പിക്കേണ്ടതാണ്. ഘടകങ്ങള് സമര്പ്പിക്കാനുള്ള സമയ പരിധി നിര്ബന്ധമായും പാലിക്കേണ്ടതാണ്. സഹാപീഡിയ ഉള്ളടക്കത്തില് പാലിക്കുന്ന എഴുത്ത് – ഡോക്യുമെന്റെഷന് നിലവാരത്തെക്കുറിച്ച് കൂടുതല് വിവരങ്ങള്ക്കായി വെബ്സൈറ്റിലെ അനുബന്ധം IV കാണുക.

3. ഫെല്ലോഷിപ്പ് തുകയായ 44,445 രൂപയില് (നാല്പ്പത്തി നാലായിരത്തി നാന്നൂറ്റി നാല്പ്പതിയഞ്ചു രൂപ) ഫെല്ലോയ്ക്ക് അര്ഹമായ പാരിതോഷികവും പ്രോജക്റ്റ് പൂര്ത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ ചിലവുകളും ഉള്പ്പെടുന്നു. വരുമാന നികുതി, 1961 വകുപ്പ് അനുസരിച്ചുള്ള നികുതി ഉറവിടത്തില് തന്നെ കുറയ്ക്കുന്നതായിരിക്കും. ഇത് കഴിഞ്ഞുള്ള 40,000 രൂപയായിരിക്കും ഫെല്ലോയ്ക്ക് ലഭിക്കുക. പ്രാദേശിക ഭാഷകളില് പ്രവര്ത്തിക്കുന്നവര്ക്ക്

ഇതിനുപുറമേ വിവര്ത്തനത്തിനായി 10,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നിലവാരമുള്ള വിവര്ത്തനം ഉറപ്പുവരുത്തി, വിവര്ത്തകരുടെ പക്കല് നിന്നുമുള്ള രസീതി സമര്പ്പിച്ചാല് ആയിരിക്കും ഈ തുക ലഭിക്കുക. ഇതിനു പുറമേ യാതൊരു സാമ്പത്തിക സഹായവും ഈ ഫെല്ലോഷിപ്പില് നിന്നും ലഭിക്കുന്നതല്ല.

4. ഘടകങ്ങള് സമര്പ്പിക്കുന്നതിനു അനുസൃതമായി മൂന്നു ഗഡുക്കള്ആയാണ് ഈ തുക കൈമാറുക. കരാര് ഒപ്പിടുന്ന ഘട്ടത്തില് ആദ്യ 20 %, രണ്ടു ഘടകങ്ങള് തൃപ്തികരമായ രീതിയില് സമര്പ്പിക്കുന്ന ഘട്ടത്തില് അടുത്ത 40%, സഹപീഡിയയ്ക്ക് തൃപ്തികരമായ വിധത്തില് പ്രോജക്റ്റ് പൂര്ത്തീകരിക്കുന്ന ഘട്ടത്തില് അവസാന 40% എന്നിങ്ങനെ ആയിരിക്കും ഗഡുക്കള് നല്കുക. പ്രാദേശിക ഭാഷകളില് പ്രവര്ത്തിക്കുന്നവര്ക്ക് വിവര്ത്തനത്തിനായി അനുവദിച്ചിരിക്കുന്ന 10,000 രൂപ ഫെല്ലോഷിപ്പ് സമര്പ്പിച്ച ശേഷം, വിവര്ത്തനം ചെയ്യപ്പെട്ട ഘടകങ്ങളുടെ നിലവാരം ഉറപ്പു വരുത്തിയ ശേഷം മാത്രം ആയിരിക്കും ലഭ്യമാക്കുക.

5. തെരഞ്ഞെടുത്ത അപേക്ഷകന്റെ **പാന് കാര്ഡ്, ബാങ്ക് അക്കൌണ്ട് വിവരങ്ങള് അഥവാ ഉപയോഗശൂന്യമായ ചെക്ക്**, **കരാര് അംഗീകരിക്കുന്നു എന്ന ഔപചാരിക എഴുത്ത്** എന്നിവ ലഭിച്ചാല് ആദ്യ ഗഡു (20%) ലഭ്യമാക്കും. ബാക്കി ഗഡുക്കള്, സഹാപീഡിയയ്ക്ക് തൃപ്തികരമായ രീതിയില് പ്രോജക്റ്റ് വിജയകരമായി പൂര്ത്തിയാക്കുന്ന ഘട്ടത്തില് ആയിരിക്കും നല്കുക.

6. സാധാരണയായി സമര്പ്പിച്ച ഘടകങ്ങള് വായിച്ച് വിശകലനം ചെയ്യാനും മറുപടി നല്കാനും സഹാപീഡിയ 4 മുതല് 6 വരെ ആഴ്ചകള് വേണ്ടി വരും. അതിനു ശേഷം ആയിരിക്കും ബാക്കി തുക അനുവദിക്കുക.

7. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകര് ഓരോ മാസവും പ്രോജക്ടിന്റെ പുരോഗതി അറിയിക്കുന്ന റിപ്പോര്ട്ട് ഇ-മെയില് വഴി അയക്കേണ്ടതാണ്. പ്രോജക്ടിന്റെ പ്രാഥമിക ബജറ്റ് ആദ്യ മാസം തന്നെ അയയ്ക്കേണ്ടതാണ്.

8. ഈ ഫെല്ലോഷിപ്പിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന എല്ലാ ഘടകങ്ങളും സഹപീഡിയയുടെ ഓണ്ലൈന് പോര്ട്ടലില് അപ് ലോഡ് ചെയ്യുന്നതാണ്.

സൃഷ്ടാക്കൾക്ക് പൂര്ണ അംഗീകാരം നല്കിക്കൊണ്ട്, ഗവേഷണം, അറിവ്, കലാപരമായ സര്ഗാത്മകത എന്നിവയുടെ ഇന്ററ്നെറ്റ് വഴിയുള്ള പരമാവധി വ്യാപനം ഉറപ്പുവരുത്തുന്നതിനായി സഹപീഡിയ ക്രിയേറ്റിവ് കോമണ്സ് സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സഹപീഡിയയുടെ ബൗദ്ധിക സ്വത്തവകാശ നിയമം സംബന്ധിച്ച സമീപനത്തിന്റെ അടിസ്ഥാനത്തില് ആയിരിക്കും ഇത് ലൈസന്സ് ചെയ്യുക. തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകര്ക്ക് അവരുടെ സൃഷ്ടികള്ക്കുള്ള അംഗീകാരം ലഭിക്കുന്നതായിരിക്കും.

9. മറ്റ് യാതൊരു പ്രതിഫലമോ അനുവാദമോ ഇല്ലാതെ തന്നെ ഈ ഫെല്ലോഷിപ്പില് നിന്ന് ഉണ്ടാവുന്ന സൃഷ്ടികള് പൂര്ണമായോ ഭാഗികമായോ, മറ്റു മാധ്യമങ്ങളിലോ പ്രസിദ്ധീകരണങ്ങളിലോ പ്രസിദ്ധീകരിക്കാനുള്ള അപരിമിതമായ അധികാരം സഹപീഡിയയ്ക്കും യുനെസ്കോയ്ക്കും ഉണ്ടായിരിക്കും. അത്തരം അവസരങ്ങളില് പൂര്ണമായും ഫെല്ലോയെ അംഗീകരിക്കും.

10. സഹപീഡിയയ്ക്ക് തൃപ്തികരമല്ലാത്തതോ വിവാദമുണ്ടാക്കുന്നതോ മറ്റേതു കാരണം കൊണ്ടോ ഏതു സൃഷ്ടിയും നിരാകരിക്കാന് ഉള്ള അധികാരം സഹപീഡിയയ്ക്ക് ഉണ്ടായിരിക്കും.

11. ഫെല്ലോ സമര്പ്പിക്കുന്ന സൃഷ്ടികളില് ഏതെങ്കിലും അവരുടെ അറിവോ സമ്മതമോ ഇല്ലാതെ മറ്റേതെങ്കിലും മാധ്യമങ്ങളില് പ്രത്യക്ഷപ്പെട്ടാല് സഹപീഡിയയ്ക്കോ യുനെസ്കോയ്ക്കോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

12. മൂന്നാമതൊരു കക്ഷിയുടെ ഭാഗത്ത് നിന്നും ഈ സൃഷ്ടികളുടെ മേല് ഉന്നയിക്കപ്പെട്ടേക്കാവുന്ന ഏതൊരു വീഴ്ചയും ദുരുപയോഗവും സംബന്ധിച്ച പരാതികളിന്മേല് ഇന്ത്യന് കോപ്പിറൈറ്റ് നിയമം, 1957 ലെ 51, 63, 65 എന്നീ വകുപ്പുകള് അനുസരിച്ച് സഹപീഡിയയ്ക്കോ യുനെസ്കോയ്ക്കോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. സഹപീഡിയയ്ക്ക് ഫെല്ലോ സമര്പ്പിക്കുന്ന സൃഷ്ടി മൌലികവും മറ്റൊരു മാധ്യമത്തിലും ഒരു തരത്തിലും പ്രസിദ്ധീകൃതം ആകാത്തതും ആയിരിക്കണം. ലഭിക്കുന്ന ഓരോ സൃഷ്ടിയും, ബൌദ്ധിക-

മോഷണം തടയുന്നതിനുള്ള സോഫ്റ്റ്വെയറുകള് ഉപയോഗിച്ച് നിശിതമായി പരിശോധിക്കപ്പെടും.

13. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകര് (ഒന്നാം കക്ഷി എല്ലാ നിയമ –സാങ്കേതിക പ്രശ്നങ്ങളിലും സഹപീഡിയ- യുനെസ്കോ, ഈ സ്ഥാപങ്ങളിലെ ഉദ്യോഗസ്ഥര്, തൊഴിലാളികള്, ഇടനിലക്കാര്, (ഇവരെല്ലാം ചേര്ന്ന് ഇനി മുതല് രണ്ടാം കക്ഷി എന്ന് സൂചിതമാകും) എന്നിവരെ സംരക്ഷിക്കുന്ന നിലപാടുകള് സ്വീകരിക്കേണ്ടതാണ്. അതായത്, ഈ സൃഷ്ടികള് മൂലം മൂന്നാമതൊരു കക്ഷിക്ക് സംഭവിച്ച IPR നിയമത്തിന്റെ ലംഘനം മൂലമുണ്ടാകാവുന്ന പരാതികള്, നഷ്ടപരിഹാര കേസുകള്, മറ്റു നിയമ നടപടികള്, വിധികള്, മൂല്യനിര്ണയങ്ങള്, പരിമിതികള് എന്നിവയിലും രണ്ടാം കക്ഷികള്ക്കെതിരെ ഉന്നയിക്കപ്പെടാവുന്ന നാശനഷ്ടങ്ങള്, ധനനഷ്ടം, മറ്റു ബാധ്യതകള് എന്നിവയിലും (ഇതിനു വന്നേക്കാവുന്ന കോടതി/വക്കീല് ചിലവുകള് അടക്കം) തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകന്, രണ്ടാം കക്ഷികളെ സംരക്ഷിക്കേണ്ടതാണ് . താഴെപ്പറയുന്ന കാര്യങ്ങളില് തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചാല്, ഫെല്ലോഷിപ്പ് പിന്വലിക്കാന് സഹപീഡിയയ്ക്ക് അധികാരം ഉണ്ടായിരിക്കും.
14. താഴെ പറയുന്ന മൂന്ന് കാര്യങ്ങൾചെയ്യാതിരിക്കുന്നത് സഹാപീഡിയ ഫെല്ലോഷിപ്പ് പിൻവലിക്കുന്നതിന് കാരണമാകും

    (i) സഹപീഡിയയ്ക്ക് തൃപ്തികരമായ രീതിയില് ഘടകങ്ങള് കൃത്യ സമയത്തിനുള്ളില് സമര്പ്പിക്കുക
    (ii) കാലാവധിയും സമയക്രമവും കൃത്യമായി പാലിക്കുക
    (iii) എല്ലാ മാസവും പ്രവര്ത്തന പുരോഗതി സൂചിപ്പിക്കുന്ന റിപ്പോര്ട്ട് അയയ്ക്കുക.

ഏത് കാരണത്താൽ ഫെല്ലോഷിപ്പ് പിന്വലിക്കപ്പെടുന്ന സാഹചര്യത്തിലും കൊടുത്തു കഴിഞ്ഞ തുക തിരികെ ലഭിക്കാനും, കൂടുതല് പ്രതിഫലം നല്കാതിരിക്കാനും, ഫെല്ലോഷിപ്പ് സര്ട്ടിഫിക്കറ്റ് നല്കാതിരിക്കാനും ഉള്ള അധികാരം സഹപീഡിയയ്ക്ക് ഉണ്ടായിരിക്കും. ഫെല്ലോഷിപ്പ് പിന് വലിക്കപ്പെടുന്ന സാഹചര്യത്തില് അത് സംബന്ധിച്ച വിവരം സഹപീഡിയ അപേക്ഷകരെ എഴുതി അറിയിക്കുന്നതാണ്. മേല്പറഞ്ഞ

ഏതെങ്കിലും കാരണത്താല് ഫെല്ലോഷിപ്പ് പിന്വലിക്കപ്പെട്ടാല് പിന്നീട്, അപേക്ഷകയ്ക്ക് സഹപീഡിയ-യുനെസ്കോ ഫെല്ലോ ആയി അംഗീകാരം ലഭിക്കില്ല.